## കോഴിക്കോട് ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
## (ഹാജർ: എൻ. സുരേന്ദ്രൻ)

വിഷയം: പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നല്കി – ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (പി) നം. 1/2014/ഉ.ഭ.പ.വ. തിയ്യതി. 3.1.2014
2. സ.ഉ (പി) നം. 21/2014/ഉ.ഭ.പ.വ. തിയ്യതി. 19.7.2014
3. പഞ്ചായത്ത് ഡയരക്ടരുടെ 5.6.2014, 5.8.2014 തിയ്യതികളിലെ ഇ10–1000/14 നമ്പർ കത്തുകൾ
4. ഈ ഓഫീസിലെ 11/9/2014 ലെ എ8 521/14 നമ്പർ സീനയോറിറ്റി ലിസ്റ്റ്
5. ഈ ഓഫീസിലെ 22.01.15 ലെ ഇതേ നമ്പർ ഉത്തരവ്

### ഉത്തരവ് നമ്പർ: എ1–15493/2014 തിയ്യതി: 22.01.2015

പരാമർശം (1) (2) ഉത്തരവുകൾ പ്രകാരം സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്ക് അതാതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നല്കുന്നതിന് വ്യവസ്ഥകളോടെ ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 3.1.2014 മുതൽ ജില്ലയിലുണ്ടാകുന്ന ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജില്ലാതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നികത്തുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയരക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്.

സീനിയേറിറ്റി നമ്പർ 15 ശ്രീ സത്യൻ പി തസ്തികമാറ്റത്തിന് പരിഗണിക്കേണ്ടതില്ല എന്ന് രേഖമൂലം അപേക്ഷിച്ചിട്ടുണ്ട്. പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 16 ശ്രീ പി പി മോഹനൻ അന്തർ ജില്ലാ സ്ഥലമാറ്റം വഴി പഞ്ചായത്തുവകുപ്പിൽ ജോലിയിൽ പ്രവേശിച്ചതിനാൽ ടിയാളുടെ സീനിയോറിറ്റി നമ്പർ ഈ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തിയതി പ്രകാരം ക്രമ നമ്പർ 18 എന്ന് തിരുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലയിൽ 3.1.2014 മുതൽ ഉണ്ടായ ഒഴിവുകളുടെ 10% ഒഴിവുകളിലേക്കും പരാമർശം (5) ഉത്തരവുപ്രകാരം ശ്രീമതി പ്രീത കെ.ടി. കെ എന്നവരുടെ തസ്തികമാറ്റം റദ്ദ് ചെയ്തതുമൂലവുമുണ്ടായ ഒഴിവിലേക്കും സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ താഴെ ചേർത്ത ഓഫീസ് അറ്റന്റന്റ്മാർക്ക് അവരുടെ പേരിനു നേരെ ചേർത്ത ഗ്രാമപഞ്ചായത്തുകളിൽ 9940–16580/– രൂപ ശമ്പള നിരക്കിൽ ക്ലാർക്കുമാരായി നിയമനം നല്കി കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര്, നിലവിലെ ഓഫീസ് | നിയമനം നല്കിയ ഓഫീസ് |
|---|---|---|---|
| 1 | 16 | പി കെ സുരേഷ്ബാബു<br>ഓഫീസ് അറ്റന്റന്റ്<br>ഉള്ള്യേരി ഗ്രാമപഞ്ചായത്ത് | വാണിമൽ ഗ്രാമപഞ്ചായത്ത്<br>നിലവിലുള്ള ഒഴിവിൽ |
| 2 | 18 | പി പി മോഹനൻ<br>ഓഫീസ് അറ്റന്റന്റ്<br>കുറ്റ്യാടി ഗ്രാമപഞ്ചായത്ത് | കുറ്റ്യാടി ഗ്രാമപഞ്ചായത്ത്<br>നിലവിലുള്ള ഒഴിവിൽ |
| 3 | 21 | സുജിത് കുമാർ സി കെ<br>ഓഫീസ് അറ്റന്റന്റ്<br>കീഴരിയൂർ ഗ്രാമപഞ്ചായത്ത് | വാണിമൽ ഗ്രാമപഞ്ചായത്ത്<br>നിലവിലുള്ള ഒഴിവിൽ |

(é é ..2)

ഈ നിയമന ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട ജീവനക്കാർ ഉത്തരവുകൈപ്പറ്റി 15 ദിവസത്തിനുള്ളിൽ പുതിയ ജോലിയിൽ പ്രവേശിക്കേണ്ടതും ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ തുടർച്ചയായ 3 വർഷക്കാലത്തിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കുന്നതുമാണ്. ഈ കാലയളവിൽ എം.ഒ.പി പരീക്ഷ പാസാകേണ്ടതാണ്.

ബന്ധപ്പെട്ട ഓഫീസ് മേധാവി, യോഗ്യത സർട്ടിഫിക്കറ്റുകളുടെ പരിശോധനക്ക് ശേഷം ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച വിവരം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് വകുപ്പിലെ പൊതുസ്ഥലംമാറ്റം 2015–ന് ഈ ഉത്തരവ് വിധേയമായിരിക്കുന്നതാണ്.

(ഒപ്പ്)
**എൻ. സുരേന്ദ്രൻ**
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്

വ്യക്തികൾക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

പകർപ്പ് ; 1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ

2. പഞ്ചായത്ത് ഡയരക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3. എക്സിക്യൂട്ടീവ് ഡയരക്ടർ,
ഐ.കെ.എം, തിരുവനന്തപുരം
(എൽ.എസ്.ജി.ഡി വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്) (ഉപരിപത്രം സഹിതം)

കരുതൽ/അധികം.

/ഉത്തരവിൻ പ്രകാരം/

സൂപ്രണ്ട്.